# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

നമ്പർ.കെ.എസ്.എച്ച്.ഇ.സി/സ്കോൾ.സ്കീം/2013-14 (പി.ജി 2016-17)    തീയതി.20/04/2017

## വിജ്ഞാപനം

2013-14 അക്കാദമികവർഷം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അനുവദിച്ച ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നാലാം വർഷത്തേക്ക് - 2016-17 (പി.ജി. ഒന്നാം വർഷ പഠനത്തിന്) പുതുക്കി നൽകുന്നതിലേയ്ക്കായി കേരളത്തിലെ ഗവൺമെന്റ്, എയിഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള അപ്ലൈഡ് സയൻസ് കോളേജുകളിലും ഒന്നാം വർഷം പി.ജി. കോഴ്സിന് ആർട്സ്, സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് വിഷയങ്ങൾ പഠിക്കുന്ന കേരളീയരായ വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് **2017 മേയ് 25** ന് മുമ്പായി ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പരിശോധിച്ച് അംഗീകരിച്ച് **2017 മേയ് 31** ന് മുമ്പായി കൗൺസിൽ ആഫീസിൽ എത്തിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക കൗൺസിൽ വെബ്സൈറ്റിൽ (www.kshec.kerala.gov.in) ലഭ്യമാണ്.

**യോഗ്യത**

- മൂന്നാം വർഷം ബിരുദപഠനത്തിന് 2015-16 അക്കാദമികവർഷം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹരായവർ മാത്രം അപേക്ഷിച്ചാൽ മതി.
- 2016-17 അക്കാദമികവർഷം കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റ്, എയ്ഡഡ് കോളേജിലോ, യൂണിവേഴ്സിറ്റി പഠന വിഭാഗത്തിലോ, ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള അപ്ലൈഡ് സയൻസ് കോളേജുകളിലോ ആർട്സ്, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, സയൻസ്, കൊമേഴ്സ് വിഷയങ്ങളിലൊന്നിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പഠനം നടത്തുന്നവർ മാത്രം അപേക്ഷിച്ചാൽ മതിയാകും. (പ്രൊഫഷണൽ കോഴ്സുകൾക്കും സ്വാശ്രയ കോഴ്സുകൾക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല).

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ**

1. സ്കോളർഷിപ്പിന് അർഹനായ/അർഹയായ വിദ്യാർത്ഥിയുടെ ഡിഗ്രി കോഴ്സിന്റെ 5, 6 സെമസ്റ്റർ പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകളുടെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

(ജനറൽ വിഭാഗത്തിന് 'ബി' ഗ്രേഡും/ഒ.ബി.സി, ബി.പി.എൽ, എസ്.സി/എസ്.ടി, ഫിസിക്കലി ചലഞ്ച്ഡ് വിഭാഗങ്ങൾക്ക് 'സി' ഗ്രേഡുമാണ് ഒന്നാം വർഷ ബിരുദാനന്തര ബിരുദ സ്കോളർഷിപ്പ് പുതുക്കി ലഭിക്കുന്നതിനുള്ള കുറഞ്ഞ മാനദണ്ഡം).

2. സ്റ്റുഡന്റ്ഷിപ്പ് സർട്ടിഫിക്കറ്റ് - കോളേജിലെ വിദ്യാർത്ഥിയാണെന്നുള്ള പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തിന്റെ (കൗൺസിൽ വെബ്സൈറ്റിൽ നൽകിയിട്ടുള്ള മാതൃകയിൽ വിദ്യാർത്ഥി ഏതു കോഴ്സിനു പഠിക്കുന്നു എന്ന് രേഖപ്പെടുത്തിയത്) ഒറിജിനൽ.
3. പ്രസ്തുത വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ പേര്, ബാങ്കിന്റെ അക്കൗണ്ട് നമ്പർ, കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം.)

ഒന്നാം വർഷ പി.ജി. പഠനത്തിന് നൽകുന്ന സ്കോളർഷിപ്പ് തുക 40,000/- രൂപയായിരിക്കും. 40% ത്തിനു മുകളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു. (ഗവൺമെന്റ് മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധം)

മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (ഹിന്ദി സ്കോളർഷിപ്പ്, പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംപ്സംഗ്രാന്റ് എന്നിവ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്).

അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണ്ണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിയ്ക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപന മേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

Sd/-

**രജിസ്ട്രാർ**

***ഒന്നാം വർഷ ബിരുദാനന്തര ബിരുദതല പഠനത്തിനുള്ള സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനാണ് ആദ്യം തീരുമാനിച്ചിരുന്നത്. ഇതിനായുള്ള വിജ്ഞാപനം കൗൺസിൽ വെബ്സൈറ്റിൽ നൽകുകയുമുണ്ടായി. എന്നാൽ, സർവ്വകലാശാലകളിൽനിന്ന് അംഗീകൃത കോഴ്സുകളുടെ വിശദവിവരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടായതിനാൽ ഇത്തവണ കൂടി ഓഫ്ലൈൻ സമ്പ്രദായത്തിൽ പി.ജി. വിദ്യാർത്ഥികളിൽനിന്ന് സ്കോളർഷിപ്പ് അപേക്ഷകൾ സ്വീകരിക്കാനാണ് തീരുമാനം.***